സൂറഃ-9

# അത്തൗബ

إِلَّا ٱلَّذِينَ عَـٰهَدتُّم مِّنَ ٱلْمُشْرِكِينَ ثُمَّ لَمْ يَنقُصُوكُمْ شَيْـًٔا وَلَمْ يُظَـٰهِرُوا۟
عَلَيْكُمْ أَحَدًا فَأَتِمُّوٓا۟ إِلَيْهِمْ عَهْدَهُمْ إِلَىٰ مُدَّتِهِمْ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُتَّقِينَ
﴿٤﴾

**4.** നിങ്ങളുമായി കരാറിലേർപ്പെടുകയും എന്നിട്ടത് പാലിക്കുന്നതിൽ വീഴ്ചയൊന്നും വരുത്താതിരിക്കുകയും, നിങ്ങൾക്കെതിരെ ആരെയും സഹായിക്കാതിരിക്കുകയും ചെയ്ത ബഹുദൈവാരാധകർ അല്ലാഹു ഉത്തരവാദിത്വമൊഴിഞ്ഞവരിൽ നിന്നൊഴിവാകുന്നു. അങ്ങനെയുള്ളവരോട് അവരുടെ കാലാവധി തീരുന്നതുവരെ നിങ്ങൾ കരാർ പാലിക്കേണ്ടതാകുന്നു. ദൈവഭക്തിയുള്ളവരെയത്രെ അല്ലാഹു സ്നേഹിക്കുന്നത്.

إِلَّا ٱلَّذِينَ عَـٰهَدتُّم = നിങ്ങൾ കരാർ ചെയ്തിട്ടുള്ളവരൊഴിച്ച് (നിങ്ങളുമായി കരാറിൽ ഏർപ്പെടുകയും)

مِّنَ ٱلْمُشْرِكِينَ = ബഹുദൈവാരാധക(ർ)രിൽനിന്ന്

ثُمَّ لَمْ يَنقُصُوكُمْ شَيْـًٔا = പിന്നീട് നിങ്ങൾക്ക് ഒട്ടും കുറക്കാതിരിക്കുകയും (അതു പാലിക്കുന്നതിൽ വീഴ്ചയൊന്നും വരുത്താതിരിക്കുകയും)

وَلَمْ يُظَـٰهِرُوا۟ عَلَيْكُمْ أَحَدًا = നിങ്ങൾക്കെതിരെ ആരെയും സഹായിക്കാതിരിക്കുകയും (ചെയ്ത ബഹുദൈവാരാധകർ ഈ ഉത്തരവാദിത്വമോചനത്തിൽനിന്നൊഴിവാകുന്നു)

فَأَتِمُّوٓا۟ = നിങ്ങൾ പൂർത്തിയാക്കുക (പാലിക്കേണ്ടതാകുന്നു) إِلَيْهِمْ = അവരിലേക്ക് (അങ്ങനെയുള്ളവരോട്)

عَهْدَهُمْ = അവരു(മായുള്ള)ടെ കരാർ إِلَىٰ مُدَّتِهِمْ = അവരുടെ കാലം (കാലാവധി തീരും)വരെ

إِنَّ ٱللَّهَ = തീർച്ചയായും അല്ലാഹു يُحِبُّ = സ്നേഹിക്കുന്നു(ന്നത്) ٱلْمُتَّقِينَ = ദൈവഭക്തരെ, ധർമനിഷ്ഠയുള്ളവരെയത്രെ

**4:** അല്ലാഹുവും റസൂലും കരാറുകളൊഴിഞ്ഞതായി വിളംബരം ചെയ്യുന്നത്, കരാറുകളുടെ ലംഘനത്തിലൂടെ ഇത്തരമൊരു വിളംബരം അനിവാര്യമാക്കിത്തീർത്ത ബഹുദൈവാരാധകരുമായുള്ള കരാറുകളിൽനിന്നാണ്. ബഹുദൈവാരാധകർ യഥാവിധി പാലിച്ചുവരുന്ന കരാറുകൾ ഇപ്പോഴും നിലനിൽക്കുന്നുണ്ട്. മറുകക്ഷി നിലനിർത്തുന്നേടത്തോളം കാലം അല്ലെങ്കിൽ കരാറിനു നിശ്ചയിച്ച കാലാവധി തീരുന്നതുവരെ മുസ്ലിംകളും അത് കണിശമായി പാലിക്കേണ്ടതാണ്. പ്രവാചകനുമായി സഖ്യത്തിലേർപ്പെട്ടിരുന്ന ഖുസൈമ, ദംറ, മുദ്‌ലജ്, കിനാന, ഖുസാഅ, സംറ മുതലായ ഗോത്രങ്ങൾ കാലാവധി തീരുന്നതുവരെ കരാർവ്യവസ്ഥകൾ പാലിച്ചവരാണ്.

ഇവിടെ കരാർലംഘനത്തെക്കുറിച്ച് ثُمَّ لَمْ يَنقُصُوكُمْ شَيْـًٔا എന്നാണ് പ്രസ്താവിച്ചിട്ടുള്ളത്. 'പിന്നെ നിങ്ങളെ ഒട്ടും കുറക്കാത്തവർ' എന്നാണതിന്റെ ഭാഷാർഥം. നഗ്നമായ കരാർലംഘനത്തിനു പുറമെ കരാറിന്റെ താൽപര്യങ്ങൾ പൂർത്തീകരിക്കുന്നതിൽ വീഴ്ച വരുത്തുന്നതിനെ കൂടി ഈ പ്രയോഗം ഉൾക്കൊള്ളുന്നു. അനാക്രമണ സന്ധിയിലേർപ്പെട്ട രണ്ടു കക്ഷികളിലൊന്ന് മറ്റേതിനെ ആക്രമിക്കുന്നത് നഗ്നമായ കരാർ ലംഘനം-

نُقض العهد -ആണ്. മറുകക്ഷിയെ നേരിട്ട് ആക്രമിക്കാതെ അവരെ ആക്രമിക്കാൻ ഒരു മൂന്നാം കക്ഷിയെ പ്രേരിപ്പിക്കുകയോ സഹായിക്കുകയോ ചെയ്യുന്നത് കരാറിന്റെ താൽപര്യത്തെ ഹനിക്കൽ -نقص- ആകുന്നു. പരോക്ഷമായ കരാർലംഘനം തന്നെയാണത്. وَلَمْ يُظَاهِرُوا عَلَيْكُمْ أَحَدًا (നിങ്ങൾക്കെതിരെ ആരെയും സഹായിക്കാത്തവർ) എന്ന വാക്യത്തിലൂടെ കരാർ പാലനത്തിൽ വീഴ്ചവരുത്താത്തവരെ ഉദാഹരിച്ചിരിക്കുകയാണ്. ظَهْر (മുതുക്, നട്ടെല്ല്) എന്ന പദത്തിൽനിന്ന് നിഷ്പന്നിച്ച ظَاهَرَ-യുടെ വർത്തമാനകാല ക്രിയാ രൂപമാണ് يُظَاهِر. പരസ്പരം സഹായിക്കുന്നു, ശക്തിപ്പെടുത്തുന്നു എന്നർഥം. ظَهْر-ൽനിന്നുത്ഭവിച്ച أَظْهَرَ ക്ക് വിജയിപ്പിച്ചു എന്നും ശക്തിപ്പെടുത്തി എന്നും അർഥമുണ്ട്. أظهره عليه എന്നാൽ അയാളെ അപരനേക്കാൾ ശക്തിപ്പെടുത്തി, വിജയിപ്പിച്ചു. ظَهْر -നട്ടെല്ല്- ശക്തിയുടെയും വീര്യത്തിന്റെയും കേന്ദ്രമായി കണക്കാക്കപ്പെടുന്നതിനെ ആസ്പദമാക്കിയാണ് أَظْهَرَ-ظَاهَرَ എന്നീ ക്രിയാപദങ്ങൾ രൂപീകരിക്കപ്പെട്ടത്. നേരിട്ട് സഹായിച്ചു, ശക്തിപ്പെടുത്തി എന്ന അർഥത്തിൽ نَصَرَ ، سَاعَدَ എന്നീ പദങ്ങളാണ് സാധാരണ ഉപയോഗിക്കുക. ظَاهَرَ അതിനേക്കാൾ വിശാലമാണ്. പരോക്ഷമായ സഹായങ്ങളും അതിൽ ഉൾപ്പെടുന്നു. മുസ്‌ലിംകൾക്കെതിരായി മറ്റാർക്കും പദാർഥങ്ങൾ കൊണ്ടോ ആശയങ്ങൾ കൊണ്ടോ ഭൗതികമായോ ധാർമികമായോ യാതൊരു പിന്തുണയും നൽകാത്തവരെ ഉദ്ദേശിച്ചാണ് وَلَمْ يُظَاهِرُوا عَلَيْكُمْ أَحَدًا എന്നു പറയുന്നത്.

പരസ്യമായോ രഹസ്യമായോ കരാർ വ്യവസ്ഥകൾ ലംഘിക്കാത്ത കക്ഷികളോട് അങ്ങോട്ടും അതേവിധം കരാർ പാലിക്കുന്നതിന്റെ ഗൗരവം വ്യക്തമാക്കുന്നതാണ് إِنَّ ٱللَّهَ يُحِبُّ ٱلْمُتَّقِينَ (ദൈവഭക്തിയുള്ളവരെയത്രെ അല്ലാഹു സ്നേഹിക്കുന്നത്) എന്ന വാക്യം. ഇവിടെ ദൈവഭക്തി (تقوى) കൊണ്ട് വിവക്ഷിച്ചിട്ടുള്ളത് കരാർ പാലനത്തെയാണെന്ന് സന്ദർഭത്തിൽനിന്ന് സ്പഷ്ടമാണ്. കരാറുകളും വാഗ്ദാനങ്ങളും സൂക്ഷ്മതയോടെ പാലിക്കുന്നവരാണ് متقیകൾ- ദൈവഭക്തർ. അത്തരം ദൈവഭക്തരാണ് അല്ലാഹുവിന്റെ സ്നേഹഭാജനങ്ങൾ എന്നാണ് വചന താൽപര്യം. സൂറ *അൽമുഅ്മിനൂനിൽ* യഥാർഥ സത്യവിശ്വാസികളെ വർണിച്ചുകൊണ്ട് പറയുന്നു: وَٱلَّذِينَ هُمْ لِأَمَـٰنَـٰتِهِمْ وَعَهْدِهِمْ رَٰعُونَ (അവർ സ്വന്തം ഉത്തരവാദിത്വങ്ങളും കരാറുകളും ജാഗ്രതയോടെ പാലിക്കുന്നവരാകുന്നു).

'അവരുടെ കരാറിന്റെ കാലാവധി തീരുന്നതുവരെ നിങ്ങളും കരാർ പാലിക്കുക' എന്നു പറഞ്ഞത് രണ്ടു തരത്തിൽ വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ഒന്ന്, കരാർലംഘനം നടത്താത്ത ബഹുദൈവവിശ്വാസികളുമായിട്ടുള്ള കരാറുകൾ അതിന്റെ കാലാവധി കഴിയുന്നതോടെ റദ്ദാക്കപ്പെടും. അവരുമായി പിന്നീട് കരാർ പുതുക്കാൻ പാടില്ല. തുടർന്ന് അവരെ ഇസ്‌ലാമിന്റെ ശത്രുക്കളുടെ ഗണത്തിലാണ് കാണേണ്ടത്. കാരണം, മുഹമ്മദ് നബി(സ)യുടെയും അദ്ദേഹം പ്രബോധനം ചെയ്യുന്ന ദീനിന്റെയും യാഥാർഥ്യം മനസ്സിലാക്കാൻ വേണ്ടത്ര സമയവും സന്ദർഭവും അവർക്ക് ലഭിച്ചുകഴിഞ്ഞിരിക്കുന്നു. അവരത് മനസ്സിലാക്കുകയും ചെയ്തിരിക്കുന്നു. എന്നിട്ടും അസത്യത്തിലും അധർമത്തിലും നിലകൊള്ളുന്നവരെ സത്യത്തിന്റെയും ധർമത്തിന്റെയും ശത്രുക്കളായി കാണുകയും ശത്രുക്കളോടുള്ള സമീപനം കൈക്കൊള്ളുകയും ചെയ്യേണ്ടതാണ്. അതുകൊണ്ട് ഈ വിളംബര സൂക്തം അവതരിച്ച ശേഷം ബുഹദൈവവിശ്വാസികളായ ഗോത്രങ്ങളുമായി നബി(സ) സഖ്യബന്ധങ്ങൾ സ്ഥാപിക്കുകയുണ്ടായില്ല. എന്നാൽ ഇതിനർഥം ഈ സൂക്തം അവതരിച്ചതു മുതൽ മുസ്‌ലിം സമൂഹം ഒരു കാരണവശാലും ബഹുദൈവവിശ്വാസികളുമായി യാതൊരു കരാറിലും ഏർപ്പെടാൻ പാടില്ല എന്നല്ല. ഈ സൂക്തങ്ങൾ അങ്ങനെ കൽപിക്കുന്നില്ല. ഹിജ്റ ഒമ്പതാം ആണ്ട് പതിനൊന്നാം മാസത്തിലോ പന്ത്രണ്ടാം മാസത്തിന്റെ ആദ്യ വാരത്തിലോ ആണ് ഈ സൂക്തങ്ങൾ അവതരിക്കുന്നത്. പ്രവാചകന്റെ മദീനാ ജീവിതത്തിന്റെ അവസാനഘട്ടമായിരുന്നു അത്. ഹിജ്റ ആറാം ആണ്ടിലെ ഹുദൈബിയാ സന്ധിയോടു കൂടി, അറേബ്യയിൽ അവിടവിടെ ഇസ്‌ലാമിനോട് എതിരിടാൻ ശ്രമിക്കുന്നവരും ഉണ്ടായിരുന്നുവെങ്കിലും അറേബ്യൻ ഗോത്രങ്ങൾ ഒന്നൊന്നായി ഇസ്‌ലാമിലേക്ക് വന്നുകൊണ്ടിരുന്നു. സൂറ *അന്നസ്ർ* ഇക്കാര്യം ഉണർത്തുന്നുണ്ട്. അറേബ്യൻ ഗോത്രങ്ങളെല്ലാം കാലാന്തരങ്ങളിൽ ദീനുൽ ഇസ്‌ലാമിൽനിന്ന്- ഇബ്റാഹീമീ മില്ലത്തിൽനിന്ന്- വഴിതെറ്റിപ്പോയവരാണ്. അവരെയെല്ലാം ഇസ്‌ലാമിലേക്ക് തിരിച്ചുകൊണ്ടുവരിക പ്രവാചകന്റെ അടിയന്തര ലക്ഷ്യങ്ങളിലൊന്നായിരുന്നു. മദീന തലസ്ഥാനമായി സ്ഥാപിച്ച ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഭദ്രമായ നിലനിൽപിനും അതനിവാര്യമാണ്. ആദ്യകാലത്ത് നബി അമുസ്‌ലിം സമൂഹങ്ങളുമായി കരാറുകളിലേർപ്പെട്ടത് ഈ മാറ്റം എളുപ്പമാകുന്നതിനു വേണ്ടിയായിരുന്നു. അന്ന് അതിപ്രബലമായിരുന്ന ഇസ്‌ലാം വിരുദ്ധ ശക്തികൾക്കെതിരെ പിടിച്ചുനിൽക്കാനുള്ള ഉപാധിയുമായിരുന്നു അക്കൂട്ടത്തിൽ തന്നെയുള്ള ചില ഗോത്രങ്ങളുമായുണ്ടാക്കിയ സഖ്യബന്ധം. ശത്രുക്കൾക്കെതിരെയുള്ള പ്രതിരോധം ശക്തിപ്പെട്ടതിനു പുറമെ, സഖ്യബന്ധമുള്ള ഗോത്രങ്ങളിൽ പ്രബോധന സൗകര്യം ലഭിച്ചതുമൂലം വിവിധ ഗോത്രങ്ങളിൽ വിശ്വാസികളുടെ എണ്ണം വർധിക്കാനും അതു വളരെ സഹായകമാവുകയുണ്ടായി. മക്കാ വിമോചനത്തിനുശേഷം അറേബ്യൻ ഉപദ്വീപിലാകമാനം അടിച്ചുവീശിയ മാറ്റത്തിന്റെ കാറ്റ് പ്രവാചകന്റെ സമീപന രീതിയിലും മാറ്റം ആവശ്യപ്പെട്ടു. പൊതുസമാധാനവും മുസ്‌ലിം സമൂഹത്തിന്റെ സുരക്ഷയും ഇസ്‌ലാമിക പ്രബോധനത്തിനുള്ള സൗകര്യവും ഉദ്ദേശിച്ചായിരുന്നു നേരത്തെ പ്രവാചകൻ ജാഹിലീ ഗോത്രങ്ങളുമായി സഖ്യത്തിലേർപ്പെട്ടിരുന്നത്. മക്കാ വിമോചനത്തോടെ അത്തരം സഖ്യബന്ധങ്ങൾ പ്രസ്തുത ഉദ്ദേശ്യങ്ങളെ സംബന്ധിച്ചേടത്തോളം അപ്രസക്തമായി. തുടർന്ന് മുസ്‌ലിംകൾ വിഗ്രഹാരാധകരുമായി ഉണ്ടാക്കുന്ന സഖ്യബന്ധങ്ങൾ ജാഹിലിയ്യത്തിന് ഇസ്‌ലാം നൽകുന്ന അംഗീകാരമായി പരിഗണിക്കപ്പെടുമായിരുന്നു. വല്ല ഗോത്രവും മുസ്‌ലിംകളുമായി കരാറുണ്ടാക്കാൻ താൽപര്യപ്പെട്ടിരുന്നുവെങ്കിൽ, അത് അവരുടെ വിഗ്രഹമതത്തിന്റെ നിലനിൽപിനുവേണ്ടി മാത്രമായിരുന്നു. പ്രവാചകന്റെയും മുസ്‌ലിം സമൂഹത്തിന്റെയും ലക്ഷ്യമാകട്ടെ അറബികളെ മുഴുവൻ ഇസ്‌ലാമിലേക്ക് കൊണ്ടുവരികയായിരുന്നു. മുസ്‌ലിം സമൂഹം ബഹുദൈവവിശ്വാസികളുമായി സഖ്യത്തിലേർപ്പെട്ട് അവരുടെ വിഗ്രഹമതത്തിന്റെ സംരക്ഷണം ഏറ്റെടുക്കുകയെന്നത് ഈ ലക്ഷ്യത്തിനു വിരുദ്ധമാണ്. അത് വിഗ്രഹാരാധകരെ പൂർവമതത്തിൽ തന്നെ ഉറച്ചുനിൽക്കാൻ പ്രേരിപ്പിക്കലും സഹായിക്കലുമാകും. ഇസ്‌ലാമിന്റെ യാഥാർഥ്യം മനസ്സിലാക്കിക്കഴിഞ്ഞിട്ടും അത് അംഗീകരിക്കാതെ അതിനു വിരുദ്ധമായ അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സംരക്ഷിക്കാൻ ശ്രമിക്കുന്നവർ ആരായാലും അടിസ്ഥാനപരമായി ഇസ്‌ലാമിന്റെ ശത്രുക്കളാണ്. അവർ സഖ്യത്തിനും സൗഹൃദത്തിനും മുതിരുന്നുവെങ്കിൽ, ഇപ്പോഴവർക്ക് ഇസ്‌ലാമിനെ നേരിട്ടെതിർക്കാൻ കഴിയാത്തതുകൊണ്ടാണ്. അവസരം ലഭിക്കുമ്പോൾ നേരത്തെ പല ഗോത്രങ്ങളും ചെയ്തതുപോലെ അവരും സഖ്യങ്ങളെല്ലാം

കാറ്റിൽപറത്തി ശത്രുക്കളായി രംഗത്തുവരും. സമൂഹത്തിനുള്ളിൽ ശത്രുക്കളുടെ ഇത്തരം തുരുത്തുകളുണ്ടാകുന്നത് ഇസ്‌ലാമിക രാഷ്ട്രത്തിന്റെ ഭദ്രതക്ക് വലിയ ഭീഷണിയാവുകയും ചെയ്യും. ഇതുകൊണ്ടൊക്കെയാണ് ഹിജ്റ ഒമ്പതാം ആണ്ടിനുശേഷം പ്രവാചകൻ വിഗ്രഹാരാധകരുമായി സഖ്യത്തിലേർപ്പെടാതിരുന്നത്. അത് മുസ്‌ലിം സമൂഹങ്ങൾ ഏതു പരിതസ്ഥിതിയിലും എല്ലാ കാലത്തും പിന്തുടരേണ്ട നിയമമല്ല. ഇതര സമൂഹങ്ങളുമായി സഖ്യബന്ധങ്ങളുടെ സാധുത തീരുമാനിക്കേണ്ടത് സാഹചര്യത്തിന്റെ സവിശേഷതകൾ പരിഗണിച്ചുകൊണ്ടാണ്. സമാധാനത്തിനും സുരക്ഷിതത്വത്തിനും സൗഹൃദത്തിനും ഉതകുന്ന സഖ്യങ്ങൾ ആരുമായും ഉണ്ടാക്കാവുന്നതാണ്; അത് ഇസ്‌ലാമിന്റെ അടിസ്ഥാന തത്ത്വങ്ങൾക്കും മുസ്‌ലിം സമൂഹത്തിന്റെ പൊതു താൽപര്യങ്ങൾക്കും എതിരായ വ്യവസ്ഥകളുള്ളതായിരിക്കരുത് എന്ന നിബന്ധനയോടു കൂടി. നബി(സ) മദീനാ ജീവിതത്തിന്റെ ആദ്യകാലത്ത് ജാഹിലീ ഗോത്രങ്ങളുമായി കരാറുകളുണ്ടാക്കിയതിന്റെയും അവസാനകാലത്ത് അത്തരം കരാറുകൾ ഉണ്ടാക്കേണ്ടതില്ല എന്നു തീരുമാനിച്ചതിന്റെയും ലക്ഷ്യം ഒന്നായിരുന്നു; പൊതു സമാധാനവും ഇസ്‌ലാമിന്റെ പ്രബോധന സ്വാതന്ത്ര്യവും മുസ്‌ലിം സമൂഹത്തിന്റെ സുരക്ഷിതത്വവും.

ഹിജ്റ ഒമ്പത്, പത്ത് വർഷങ്ങളിൽ അറേബ്യൻ ഗോത്രങ്ങൾ ഇസ്‌ലാമിക സമൂഹത്തിന്റെ ഭാഗമാകാൻ കൂട്ടം കൂട്ടമായി മുന്നോട്ടുവന്ന സാഹചര്യത്തിൽ വിഘടിത ഗോത്രങ്ങൾക്ക് പ്രവാചകൻ നൽകിയ ഈ വിളംബരത്തെയും തുടർനടപടികളെയും, ഇന്ത്യ സ്വാതന്ത്ര്യം നേടിയപ്പോൾ വിഘടിച്ചു നിൽക്കാനാഗ്രഹിച്ച നാട്ടുരാജ്യങ്ങളെയും കോളനി പ്രദേശങ്ങളെയും നിർബന്ധപൂർവം ഇന്ത്യൻ യൂനിയനിൽ ലയിപ്പിച്ച നടപടിയോട് സാദൃശ്യപ്പെടുത്തി കാണാവുന്നതാണ്. ഇന്ത്യാ ഗവൺമെന്റ് അന്ന് അങ്ങനെ ചെയ്തിരുന്നില്ലെങ്കിൽ രാജ്യത്തിനുള്ളിൽ തന്നെ പല പല കശ്മീരുകളും ഭൂട്ടാനുകളും ഉണ്ടാകുമായിരുന്നു. അതിന്റെ പരിണതി എന്താകുമായിരുന്നുവെന്ന് ഊഹിക്കാവുന്നതേയുള്ളൂ.

ജനങ്ങളിൽ വിളംബരം നടത്താൻ അലി(റ) നിയോഗിക്കപ്പെട്ടതിന്റെ യഥാർഥ കാരണം നേരത്തേ സൂചിപ്പിച്ചിട്ടുണ്ട്. ഈ നിയോഗത്തെ ശീഈ വിഭാഗം വ്യാഖ്യാനിക്കുന്നത്, പ്രവാചകനുശേഷം ഒന്നാം ഖലീഫയാകാൻ അലി(റ) നിയുക്തനായിരുന്നു എന്നതിന്റെ ആധികാരിക സാക്ഷ്യമായിട്ടാണ്. അലി(റ)ക്ക് മുമ്പേ അബൂബക്കറി(റ)നെ ഹജ്ജ് അമീറായി നിയോഗിച്ചതിനെയും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ഹജ്ജ് നടന്നതിനെയും അവർ അവഗണിക്കുകയാണ്. അബൂബക്കറും അലിയും(റ) ശ്രേഷ്ഠരായ വിശ്വാസികളും പ്രവാചകന്റെ ഏറ്റവും അടുത്ത ശിഷ്യന്മാരുമാകുന്നു എന്നല്ലാതെ അവരിലൊരാൾ ഖലീഫയാകാൻ മറ്റെയാളേക്കാൾ അർഹനാകുന്നു എന്ന് ഈ സംഭവം കുറിക്കുന്നില്ല എന്നതാണ് വാസ്തവം. പ്രവാചകന്റെ ഹിജ്റ സംഭവം പോലെയാണിതും. അന്ന് പ്രവാചകൻ സഹയാത്രികനായി കൂടെ കൂട്ടിയത് അബൂബക്കറിനെയാണ്. അതേസമയം, തനിക്ക് മക്കയിൽ ചെയ്തുതീർക്കാനുണ്ടായിരുന്ന കടമകൾ വീട്ടാൻ ചുമതലപ്പെടുത്തിക്കൊണ്ട് അവിടെ നിർത്തിയത് അലി(റ)യെയാണ്. മക്കയിൽ പ്രവാചകനെ പ്രതിനിധാനം ചെയ്യുന്നതിനേക്കാൾ പ്രാധാന്യമുള്ളതായിരുന്നു അതിസാഹസിക പ്രയാണത്തിൽ അദ്ദേഹത്തിന്റെ കൂട്ടാളിയാകുന്നത് എന്നാണ് പൊതുവിൽ കരുതപ്പെടുന്നത്. പ്രവാചകന്റെ കരാറൊഴിയൽ വിളംബരമെന്ന പോലെ അദ്ദേഹത്തെ പ്രതിനിധീകരിച്ച് അമാനത്തുകൾ വീട്ടേണ്ടതും അദ്ദേഹത്തിന്റെ രക്തബന്ധുവായിരുന്നു. പ്രവാചകന്റെ രക്തബന്ധു എന്ന നിലക്കുള്ള പ്രാഥമ്യം അലി(റ)ക്കായിരുന്നു. വിശ്വാസി എന്ന നിലക്കുള്ള പ്രാഥമ്യം അബൂബക്കറി(റ)നുമായിരുന്നു. ഓരോ പ്രാഥമ്യത്തെയും അതിന്റെ സ്ഥാനത്തു പരിഗണിക്കുകയായിരുന്നു നബി(സ). ■